**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -183 06.01.2014-ൽ മറുപടിയ്ക്ക്

## കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | കുറ്റകൃത്യങ്ങൾ തടയുവാനും ഗുണ്ടകളെ അമർച്ച ചെയ്യാനും ഇതുവരെ സാധിച്ചിട്ടില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. കുറ്റകൃത്യം തടയുന്നതിനും ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തൊക്കെ നടപടിയാണ് ഗുണ്ടകളെ അമർച്ച ചെയ്യാൻ സ്വീകരിച്ചിട്ടുള്ളത്; | (ബി) | സ്ഥിരമായി കുലിത്തല്ലും ഗുണ്ടാ പ്രവർത്തനവും നടത്തുന്ന ആന്റി സോഷ്യലുകളേയും ഇവരുമായി ചേർന്ന് പ്രവർത്തിക്കുന്ന ആൾക്കാരുടേയും ദൈനംദിന പ്രവർത്തികൾ നിരീക്ഷിക്കുകയും ടിയാന്മാരുടെ ഭാഗത്ത് നിന്ന് നിയമവിരുദ്ധമായ പ്രവർത്തികൾ ഉണ്ടായാൽ ഐ.പി.സി, CrPC തുടങ്ങിയ വകുപ്പുകൾ പ്രകാരം ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രസ്തുത കേസുകൾ പരിശോധിച്ച് അത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരെ 2007 ലെ KAA(P) Act പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനും സഞ്ചാര നിയന്ത്രണം ഏർപ്പെടുത്തുന്നതുൾപ്പടെയുള്ള നിയമ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) | ഇനി എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ? | (സി) | നിലവിലുള്ള നിയമപ്രകാരം കർശനമായ നടപടികൾ തന്നെയാണ് തുടർന്നും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ